**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **14-01-2021 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിൽ ഉൗതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട് ആലിപ്പറമ്പ് പഞ്ചായത്ത് കുടിവെള്ള പദ്ധതിയ്ക്ക് സമീപം ഉൗതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം 2020-21 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നാളിതുവരെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിൽ ഉൗതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | നിലവിലെ പാലത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് ഇത്തരത്തിൽ ഒരു പ്രവൃത്തി സമീപത്തെ കുടിവെള്ള പദ്ധതിയ്ക്ക് കൂടി പ്രയോജനപ്പെടുന്ന തരത്തിൽ നടപ്പിലാക്കുന്നത് ഈ പ്രദേശത്തെ ജനങ്ങൾക്ക് ഉപകാരമായിരിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉപകാരപ്രദമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ അടിയന്തരമായി പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ? | (സി) | പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ പര്യവേഷണം കഴിയുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ